**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പഴശ്ശി ചാരിറ്റബിൾ സൊസൈറ്റിക്ക് കെട്ടിടനിർമ്മാണങ്ങൾക്കും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കും നഗരസഭകളിൽ നിന്നും സംഭാവന — യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം..984./2016/തസ്വഭവ                    തിരുവനന്തപുരം, തീയതി, 01.03.2016

==========================================================================

പരാമർശം: എക്സിക്യൂട്ടീവ് ഡയറക്ടർ, പഴശ്ശി, കൽപ്പറ്റ, വയനാട് ജില്ലയുടെ 16.02.2016-ലെ കത്ത്

**ഉത്തരവ്**

വയനാട് ജില്ലയിലെ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന പഴശ്ശി എന്ന പേരിലുള്ള ചാരിറ്റബിൾ സൊസൈറ്റിയുടെ പഴശ്ശി ട്രൈബൽ ഹോസ്റ്റൽ പ്രവർത്തിക്കുന്നതായും മേപ്പാടി ഗ്രാമപഞ്ചായത്തിൽ തൃക്കൈപ്പറ്റ വില്ലേജിൽ സ്വന്തമായി 5 ഏക്കർ സ്ഥലം സൊസൈറ്റിക്ക് ഉണ്ടെന്നും അവിടെ ആദിവാസികളുടെ ട്രൈബൽ വില്ലേജ് രൂപീകരിക്കാൻ പദ്ധതി തയ്യാറാക്കിയതായും ഇതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള കെട്ടിടം നിർമ്മാണങ്ങൾക്കും മറ്റു അനുബന്ധ പ്രവർത്തനങ്ങൾക്കും സംസ്ഥാനത്തെ നഗരസഭകളിൽ നിന്നും ഒരു ലക്ഷം രൂപവരെ സംഭാവന ലഭിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം കത്തുപ്രകാരം അപേക്ഷിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിൽ ആദിവാസികൾക്കിടയിൽ പ്രവർത്തിക്കുന്ന പഴശ്ശി എന്ന ചാരിറ്റബിൾ സൊസെറ്റി രൂപീകരിക്കുന്ന ആദിവാസികളുടെ ട്രൈബൽ വില്ലേജിന്റെ കെട്ടിടനിർമ്മാണങ്ങൾക്കും മറ്റ് അനുബന്ധ ചെലവുകൾക്കും നഗരസഭകൾ അവരുടെ ഭരണസമിതി തീരുമാനത്തിന് വിധേയമായി തനത് ഫണ്ടിൽ നിന്നും പരമാവധി 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപ വരെ സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന നഗരസഭകൾക്ക് പഴശ്ശി ചാരിറ്റബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ വരവ് ചെലവു കണക്കുകളുടെ അടിസ്ഥാനത്തിലുള്ള ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി. റംലത്ത്**

ഡെപ്യൂട്ടി സെക്രട്ടറി

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
2. എക്സിക്യൂട്ടീവ് ഡയറക്ടർ, പഴശ്ശി ചാരിറ്റബിൾ സൊസൈറ്റി, കല്പറ്റ പി.ഒ, വയനാട്
3. ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം ·
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
6. ധനകാര്യ വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Liya

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്